**കേരള സർക്കാർ**

**തൊഴിലും നൈപുണ്യവും വകുപ്പ്**

**ലേബർ കമ്മീഷണറുടെ കാര്യാലയം**

**തൊഴിൽഭവൻ, വികാസ്ഭവൻ.പി.ഒ., തിരുവനന്തപുരം–695 033**

**Website: www.lc.kerala.gov.in, Email: labourpublicity@gmail.com**

---

**പ്രസ്സ് റിലീസ്** **31.10.2017**

**ലേബർ പബ്ലിസിറ്റി ഓഫീസ്**
**ഫോൺ നമ്പർ : 0471 2783908**

---

# ആവാസ് പദ്ധതി: സംസ്ഥാനതല ഉദ്ഘാടനം ഇന്ന് മുഖ്യമന്ത്രി നിർവഹിക്കും

സംസ്ഥാന തൊഴിൽ വകുപ്പ് കേരളത്തിൽ തൊഴിലെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്കായി നടപ്പാക്കുന്ന ആവാസ് പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന്. (1/11/2017) തൊഴിലാളികൾക്ക് സൗജന്യ ആരോഗ്യ പരിരക്ഷയും അപകട ഇൻഷറൻസും ഉറപ്പാക്കുന്നതാണ് പദ്ധതി. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ രാവിലെ 10.30–ന് മുഖ്യമന്ത്രി പിണറായി വിജയൻ പദ്ധതിയുടെ ഉദ്ഘാടനം നിർവഹിക്കും. തൊഴിലും നൈപുണ്യവും, എക്സൈസും മന്ത്രി ടി.പി.രാമകൃഷ്ണൻ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ മന്ത്രിമാരായ കെ.കെ.ശൈലജ ടീച്ചർ, കടകംപള്ളി സുരേന്ദ്രൻ, എ.സി.മൊയ്തീൻ, കെ.ടി.ജലീൽ എന്നിവർ മുഖ്യാതിഥികളായിരിക്കും. എംപിമാരായ ശശി തരൂർ, എ.സമ്പത്ത്, എംഎൽഎമാരായ സി.ദിവാകരൻ, കെ.ആൻസലൻ, സി.കെ.ഹരീന്ദ്രൻ, വി.ജോയി, ഡി.കെ.മുരളി, കെ.മുരളീധരൻ, ഒ.രാജഗോപാൽ, കെ.എസ്.ശബരീനാഥൻ, ഐ.ബി.സതീഷ്, ബി.സത്യൻ, എം.വിൻസന്റ്, മേയർ വി.കെ.പ്രശാന്ത്, സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബഹ്റ, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.കെ.മധു, ജില്ലാ കളക്ടർ കെ.വാസുകി, ആസൂത്രണ ബോർഡ് അംഗം രവിരാമൻ, കൗൺസിലർ അഡ്വ.എം.വി.ജയലക്ഷ്മി എന്നിവർ ആശംസകൾ അർപ്പിക്കും. തൊഴിലും നൈപുണ്യവും അഡിഷണൽ ചീഫ് സെക്രട്ടറി ടോം ജോസ് സ്വാഗതവും ലേബർ കമ്മീഷണർ ഇൻ–ചാർജ് എ.അലക്സാണ്ടർ നന്ദിയും പറയും. രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്കുള്ള തിരിച്ചറിയൽ കാർഡ് വിതരണവും ഇതോടൊപ്പം നടക്കും.

ഇന്ത്യയിൽ ആദ്യമായി നടപ്പിലാക്കുന്ന ഈ പദ്ധയിൽ ആദ്യഘട്ടത്തിൽ അഞ്ച് ലക്ഷം തൊഴിലാളികളെയാണ് അംഗങ്ങായി ചേർക്കാൻ ലക്ഷ്യമിടുന്നത്. ഇതര സംസ്ഥാന തൊഴിലാളികൾക്ക് 15000 രൂപയുടെ ചികിത്സാ ധനസഹായവും രണ്ട് ലക്ഷം രൂപയുടെ അപകടമരണ ഇൻഷ്വറൻസ് പരിരക്ഷയും ഉറപ്പാക്കുന്നതാണ് പദ്ധതി.

പദ്ധതിയിൽ ഇനിയും രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ഇതര സംസ്ഥാന തൊഴിലാളികൾ ആധാർ കാർഡുമായെത്തി ഇൻഷ്വറൻസ് കാർഡുകൾ എടുക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫോറം പൂരിപ്പിച്ച് നൽകുന്നതിനും കാർഡ് ലഭിക്കുന്നതിനും സമ്മേളന സ്ഥലത്ത് സൗകര്യം ഉണ്ടായിരിക്കും. ഈ പദ്ധതി പൂർണമായും സൗജന്യമാണ്. 2017 നവംബർ ഒന്നു മുതൽ രജിസ്ട്രേഷൻ നടത്തി അംഗങ്ങളായി കാർഡ് ലഭിക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് കാർഡ് ലഭിക്കുന്ന തീയതി മുതൽ അപകടം സംഭവിക്കുകയാണെങ്കിലോ അസുഖം മൂലം ചികിത്സ തേടേണ്ടി വരികയാണെങ്കിലോ പദ്ധതി പ്രകാരമുള്ള സൗജന്യ കിടത്തി ചികിത്സാ സഹായവും അപകട മരണ ഇൻഷ്വറൻസും ലഭിക്കുന്നതാണ്. ആയതിലേക്ക് ബന്ധപ്പെട്ട രേഖകളുമായി ജില്ലാ ലേബർ ഓഫീസറെ (എൻഫോഴ്സ്മെന്റ്) സമീപിക്കേണ്ടതാണ്. തൊഴിലുടമകളും കരാറുകാരും ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് കാർഡ് ലഭിച്ചിട്ടുണ്ടോ എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

ലേബർ പബ്ലിസിറ്റി ഓഫീസർ

9846063499

വാർത്ത തയാറാക്കിയത് പബ്ലിസിറ്റി അസിസ്റ്റന്റ് 9633306218